# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *117 02.03.2017 -ൽ മറുപടിക്ക്**

**കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പ്രോജക്ടുകളിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ** | **ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പ്രോജക്ട (എ) കളിലെ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ; | KSTP രണ്ടാംഘട്ട പ്രോജക്ടുകളുടെ പ്രവൃത്തി തിരിച്ചുള്ള ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.<br>**പാക്കേജ് I**<br>കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 23.03.2017 ൽ അവസാനിക്കുന്നതാണ്. കാഞ്ഞങ്ങാട് ടൗൺ ഒഴികെ പ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>**പാക്കേജ് II**<br>പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ) - 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 31.03.2017 ൽ അവസാനിക്കുന്നതാണ്. താവം മേൽപ്പാലം ഒഴിച്ചുള്ള പ്രവൃത്തികൾ 2017 മാർച്ച് മാസത്തിൽ പൂർത്തിയാകും. ജൂലൈ 2017 ൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>**പാക്കേജ് III A**<br>തലശ്ശേരി - കളറോഡ് റോഡ് (28.8 കി.മീ) - ഈ പ്രവൃത്തി 31.05.2016 ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 30.05.2018 വരെ നിർമ്മാണ കാലാവധിയുണ്ട്.<br>**പാക്കേജ് III B**<br>കളറോഡ് - വളവുപാറ റോഡ് (25.2 കി.മീ) - ഈ പ്രവൃത്തി 10.06.2016 ന് ആരംഭിച്ചു. നിർമ്മാണ |

പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. 17.08.2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

**പാക്കേജ് IV**

ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.8 കി.മീ) - 68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്ന 24.11.2017 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പാക്കേജ് IV A**

തിരുവല്ല ബൈപ്പാസ് (2.3 കി.മീ) - 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടി വന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാക്കാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടു വരുന്നു.

**പാക്കേജ് V**

ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ( 40.96 കി.മീ) - 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പാക്കേജ് VI**

പൊൻകുന്നം - തൊടുപുഴ (50 കി.മീ) - 95% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പാക്കേജ് VII**

പുനലൂർ - പൊൻകുന്നം റോഡ് - പി.പി.പി വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പെരിമ്പലാവ് - പെരിന്തൽമണ്ണ (41 കി.മീ) - ഉപരിതലം പുതുക്കൽ 95 % പ്രവൃത്തി പൂർത്തീകരിച്ചു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മോഡൽ റോഡ് സുരക്ഷാ പദ്ധതി**

കഴക്കൂട്ടം - അടൂർ (80 കി.മീ) സുരക്ഷാ റോഡ് പദ്ധതി 28.12.2016 ൽ ആരംഭിച്ചു. പദ്ധതിയുടെ ആരംഭഘട്ട പണികൾ നടന്നു വരുന്നു.

| | |
|---|---|
| (ബി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നീങ്ങുന്നില്ലെന്ന വസ്തുത പരിഗണിച്ച് പണികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ; വിശദമാക്കുമോ; | (ബി) ചില പ്രശ്നങ്ങൾ, ചില തടസ്സങ്ങൾ, ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നു. എല്ലായിടത്തുമില്ല. ലോകബാങ്ക് പ്രതിനിധികൾ 3 തവണ വകുപ്പ് മന്ത്രിയുമായും എഞ്ചിനീയർമാരുമായും ചർച്ച നടത്തി. |

(സി) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രത്യേക നടപടി കൈക്കൊള്ളുമോ; വിശദാംശം വെളിപ്പെടുത്തുമോ?

(സി) കെ.എസ്.ടി.പി യുടെ പ്രവൃത്തികൾ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള എല്ലാവിധ ടെസ്റ്റുകളും ചെയ്ത് അതിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് നടത്തി വരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതികളിൻ മേൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി പണിയുടെ നിലവാരം കഴിഞ്ഞ 5 വർഷം മെച്ചപ്പെട്ടില്ല എന്ന ആക്ഷേപം ഉണ്ടായി. പരിശോധിച്ച് തിരുത്തലുകൾ വരുത്തുന്നുണ്ട്. ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**